

പ്രവാചകത്വവും ജ്ഞാനവും അധികാരവും ഭൗതിക ശക്തികളുമെല്ലാം ലഭിച്ചിട്ടും ദാവൂദ്(അ) അതീവ ദൈവഭക്തനായിത്തന്നെ ജീവിച്ചു. ദീനിന്റെയും ദുൻയാവിന്റെയും ഈ വിധത്തിലുള്ള സംയോജനവും സമരസവുമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. അങ്ങനെയായിരിക്കും അല്ലാഹുവിനോട് നിഷ്കളങ്കമായ നന്ദിവികാരമുള്ള ദാസന്മാരുടെ ജീവിതം.

## ഖുർആൻ ബോധനം 795

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

79. അന്നേരം സുലൈമാന് നാം ഉചിതമായ വിധി മനസ്സിലാക്കിക്കൊടുത്തു. തത്ത്വബോധവും വിജ്ഞാനവും (പ്രവാചകത്വം) ആകട്ടെ, നാം ഇരുവർക്കും നൽകിയിട്ടുണ്ടായിരുന്നു. ദാവൂദിന്റെ കൂടെ സങ്കീർത്തനം ചെയ്യുന്ന പർവതങ്ങളെ നാം വിധേയമാക്കിവെച്ചു. പറവകളെയും വിധേയമാക്കിവെച്ചു. നാം അതൊക്കെയും ചെയ്യാൻ കഴിവുള്ളവൻ തന്നെയാകുന്നു.

فَفَهَّمْنَـٰهَا سُلَيْمَـٰنَ ۚ وَكُلًّا ءَاتَيْنَا حُكْمًا وَعِلْمًا ۚ وَسَخَّرْنَا مَعَ دَاوُۥدَ
ٱلْجِبَالَ يُسَبِّحْنَ وَٱلطَّيْرَ ۚ وَكُنَّا فَـٰعِلِينَ ﴿٧٩﴾

**79**

| | |
|---|---|
| فَفَهَّمْنَـٰهَا سُلَيْمَـٰنَ ۚ | അന്നേരം നാം അത് (ഉചിതമായ വിധി) സുലൈമാന് മനസ്സിലാക്കിക്കൊടുത്തു |
| وَكُلًّا ءَاتَيْنَا | എല്ലാവർക്കും (ഇരുവർക്കും) നാം നൽകിയിട്ടുണ്ടായിരുന്നു |
| حُكْمًا | തത്ത്വബോധം |
| وَعِلْمًا ۚ | അറിവും (പ്രവാചകത്വം) |
| وَسَخَّرْنَا | നാം വിധേയമാക്കിവെച്ചു |
| مَعَ دَاوُۥدَ | ദാവൂദിന്റെ കൂടെ |
| ٱلْجِبَالَ | പർവതങ്ങളെ |
| يُسَبِّحْنَ | സങ്കീർത്തനം ചെയ്യുന്ന |
| وَٱلطَّيْرَ ۚ | പറവകളെയും (വിധേയമാക്കി വെച്ചു) |
| وَكُنَّا فَـٰعِلِينَ | നാം (അതൊക്കെയും) ചെയ്യുന്നവർ (ചെയ്യാൻ കഴിവുള്ളവൻ) തന്നെ ആകുന്നു |

തുടർന്ന് ദാവൂദിന്റെ(അ) പ്രവാചകത്വത്തിന്റെയും ദൈവഭക്തിയുടെയും അവസ്ഥ ചിത്രീകരിക്കുകയാണ്. പർവതങ്ങളെ ദാവൂദിന് കീഴ്പ്പെടുത്തി എന്നല്ല ദാവൂദിനോടൊപ്പം കീഴ്പ്പെടുത്തി എന്നാണ് പറയുന്നത്. പർവതങ്ങളെ ദാവൂദിന്റെ(അ) ആജ്ഞാനുസാരം പ്രവർത്തിക്കുന്നവരാക്കുകയായിരുന്നില്ല; അദ്ദേഹത്തിന്റെ സങ്കീർത്തനം അവയുടെ സങ്കീർത്തനത്തോട് താദാത്മ്യപ്പെടുത്തുകയായിരുന്നു. ബൈബിൾ പഴയ നിയമത്തിൽ *സങ്കീർത്തനങ്ങൾ* എന്ന പുസ്തകം ഉദ്ധരിക്കുന്ന പ്രാർഥനകളാവാം മിക്കവാറും ഇവിടെ സൂചിപ്പിക്കുന്നത്. ഇതുതന്നെയാണ് ദാവൂദ്(അ)ന്ന് ലഭിച്ച സബൂർ എന്ന വേദപുസ്തകം എന്നും കരുതപ്പെടുന്നു. അങ്ങനെയാണെങ്കിൽ ദൈവിക വചനങ്ങളാണവ. അതിന്റെ തർജ

മകളുടെ തർജമകളാണ് ഇന്നത്തെ ബൈബിളുകളിലുള്ളത്. അതിനിടയിൽ അതിന്റെ മൂലരൂപവും സാഹിത്യ സൗന്ദര്യവും കാവ്യമേന്മയും ഏറേ ചോർന്നുപോയിരിക്കണം. എങ്കിലും ഇപ്പോഴും ഏറെ ഹൃദയാവർജകമായ കാവ്യമാണത്. അതിൽനിന്ന് അതിന്റെ മൂലരൂപത്തിന്റെ സൗന്ദര്യവും കാവ്യഗുണവും ഊഹിക്കാവുന്നതാണ്. ഭക്തിനിർഭരമായ മധുര സ്വരത്തിൽ രാഗതാളങ്ങളോടെ സംഗീതാത്മകമായി സങ്കീർത്തനം ചെയ്യാൻ ദാവൂദി(അ)ന്ന് കഴിഞ്ഞിരുന്നു. സ്തോത്രഗീതങ്ങൾ ഭക്തിപാരവശ്യത്തിന്റെയും താളലയങ്ങളുടെയും സ്വരമാധുരിയുടെയും ഉത്തുംഗതയിലെത്തുമ്പോൾ അത് പ്രകൃതിയുടെ രാഗതാളങ്ങളോട് അഥവാ പ്രകൃതിയുടെ ദൈവ സങ്കീർത്തനത്തോട് താദാത്മ്യം പ്രാപിക്കും. പ്രാപഞ്ചിക വസ്തുക്കളഖിലം സദാ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുകയാണല്ലോ.

تُسَبِّحُ لَهُ ٱلسَّمَـٰوَٰتُ ٱلسَّبْعُ وَٱلْأَرْضُ وَمَن فِيهِنَّ ۚ وَإِن مِّن شَىْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ وَلَـٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ ۗ

(സപ്തവാനങ്ങളും ഭൂലോകവും അവയിലുള്ള ചരാചരങ്ങളൊക്കെയും അവന്ന് സങ്കീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. അവന്ന് സങ്കീർത്തനം ചെയ്യാത്തതായി പ്രപഞ്ചത്തിൽ യാതൊന്നുമില്ല. അവയുടെ സങ്കീർത്തനം പക്ഷേ നിങ്ങൾ ഗ്രഹിക്കുന്നില്ല-17:44). പ്രപഞ്ച സങ്കീർത്തനം അല്ലാഹു ദാവൂദി(അ)ന്റെ സങ്കീർത്തനവുമായി കൂട്ടിയിണക്കുകയായിരുന്നു. അദ്ദേഹം മലഞ്ചരിവുകളിൽ ചെന്ന് കീർത്തന രാഗങ്ങളാലപിക്കുമ്പോൾ ആ രാഗം മലകളിൽ പ്രതിധ്വനിക്കുമായിരുന്നു. അതേ രാഗം പക്ഷികളും ആലപിക്കുമായിരുന്നു. ഇതൊരു കേവല ഭാവനയല്ല; യാഥാർഥ്യം തന്നെയാണ്. നിഷ്കളങ്ക ഹൃദയത്തിൽ നിന്നൊഴുകുന്ന ഭക്തിനിർഭരവും മധുരോദാരവുമായ സംഗീതാലാപനത്തിൽ പ്രകൃതിയുടെ കീർത്തനം കൂടുതൽ ഉത്തേജിതമാവുകയും അതിന്റെ താളം ആലാപകന്റെ താളവുമായി ലയം പ്രാപിക്കുകയും ചെയ്യും. പ്രകൃതിയുടെ സങ്കീർത്തനം സാമാന്യ മനുഷ്യർക്ക് കേൾക്കാനും ഗ്രഹിക്കാനും കഴിയില്ലെങ്കിലും നിഷ്കളങ്ക ഭക്തിയുടെ സൗന്ദര്യാനുഭൂതി നിറഞ്ഞ തരളിത മനസ്സുകൾക്ക് അതനുഭവിക്കാൻ കഴിയും. അല്ലാഹു അവരെയും മാമലകളെയും ഒരേ സങ്കീർത്തനത്തിൽ പങ്കാളികളാക്കുകയാണ്. അതിനെയാണ് سَخَّرْنَا مَعَ دَاوُۥدَ ٱلْجِبَالَ يُسَبِّحْنَ وَٱلطَّيْرَ എന്നാണ് വർണിച്ചിരിക്കുന്നത്. സൂറഃ *സ്വാദ്* 18-19 സൂക്തങ്ങളിൽ ഈ അവസ്ഥയെ വർണിച്ചതിങ്ങനെയാണ്:

إِنَّا سَخَّرْنَا ٱلْجِبَالَ مَعَهُۥ يُسَبِّحْنَ بِٱلْعَشِىِّ وَٱلْإِشْرَاقِ ﴿١٨﴾ وَٱلطَّيْرَ مَحْشُورَةً ۖ كُلٌّ لَّهُۥٓ أَوَّابٌ ﴿١٩﴾

(അദ്ദേഹത്തോടൊപ്പം പ്രഭാതത്തിലും പ്രദോഷത്തിലും പ്രകീർത്തനം ചെയ്യാൻ മലകളെ നാം വിധേയമാക്കി വെച്ചു; കൂട്ടത്തോടെ പക്ഷികളെയും. ഒക്കെയും അവന്നുള്ള സങ്കീർത്തനത്തിൽ ആമഗ്നരാകുന്നു). സൂറഃ *സബഅ്* 10-ാം സൂക്തത്തിൽ ഇങ്ങനെയും കാണാം: يَـٰجِبَالُ أَوِّبِى مَعَهُۥ وَٱلطَّيْرَ ۖ (അദ്ദേഹത്തോടൊപ്പം സങ്കീർത്തനം ചെയ്യണമെന്ന് നാം പർവതങ്ങളോടു കൽപിച്ചു; പറവകളോടും).

വചനത്തിന്റെ സാധാരണശൈലി سخرنا مع داوود الجبال والطير... എന്നാണ്. ഒടുവിൽ വരേണ്ട يُسَبِّحْنَ യെ ജിബാലിനും ത്വൈറിനും മധ്യേ വിന്യസിച്ചതിനെ വ്യാഖ്യാതാക്കൾ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: പക്ഷികൾ ജീവികളാണല്ലോ. അതിന്റെ സങ്കീർത്തനം സുപരിചിതമാകുന്നു. അചേതന വസ്തുവായ മല അങ്ങനെയല്ല. അതിന്റെ സങ്കീർത്തനം അപരിചിതവും അസാധാരണവുമാണ്. അതുകൊണ്ട് ക്രിയയെ ആദ്യം അതുമായി നേരിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്. ■

## 80

وَعَلَّمْنَـٰهُ صَنْعَةَ لَبُوسٍ لَّكُمْ لِتُحْصِنَكُم مِّنۢ بَأْسِكُمْ ۖ فَهَلْ أَنتُمْ شَـٰكِرُونَ ﴿٨٠﴾

80. നാം അദ്ദേഹത്തെ നിങ്ങൾക്കു വേണ്ടി പടയങ്കി നിർമിക്കാൻ പഠിപ്പിച്ചു; നിങ്ങളെ യുദ്ധക്കെടുമകളിൽ നിന്നു രക്ഷിക്കാൻ. എന്നിട്ട് നിങ്ങൾ നന്ദിയുള്ളവരാണോ?

وَعَلَّمْنَـٰهُ = നാം അദ്ദേഹത്തെ പഠിപ്പിച്ചു صَنْعَةَ = നിർമാണം (നിർമിക്കാൻ) لَبُوسٍ = പടയങ്കി لَّكُمْ = നിങ്ങൾക്കുവേണ്ടി
لِتُحْصِنَكُم = അത് നിങ്ങളെ രക്ഷിക്കാൻ مِّنۢ بَأْسِكُمْ = നിങ്ങളുടെ യുദ്ധക്കൊടുമകളിൽനിന്ന്
فَهَلْ أَنتُمْ = എന്നിട്ട് നിങ്ങൾ ആണോ شَـٰكِرُونَ = നന്ദിയുള്ളവർ

**ദാ**വൂദ് നബിക്ക് ലഭിച്ച മറ്റൊരനുഗ്രഹം പരാമർശിക്കുകയാണ്. അദ്ദേഹം തികഞ്ഞ ദൈവഭക്തനായിരുന്നുവെങ്കിലും സംസാര വിരക്തനായി ഏതെങ്കിലും മൂലയിൽ ചെന്ന് സങ്കീർത്തനത്തിലും ജപധ്യാനങ്ങളിലും മാത്രം നിരതനായി ഏകാന്തവാസം ചെയ്യുകയായിരുന്നില്ല. ഭക്തനായതോടൊപ്പം സക്രിയനായ രാഷ്ട്രീയക്കാരനുമായിരുന്നു. രാജാവും പടനായകനുമായിരുന്നു. യുദ്ധങ്ങളിൽ സ്വന്തം ഭടന്മാരെ ശത്രുക്കളുടെ ആയുധ പ്രയോഗങ്ങളിൽനിന്നു രക്ഷിക്കാൻ, അതുവരെയില്ലാതിരുന്ന ഒരു പ്രത്യേക തരം പടയങ്കി നിർമിക്കാൻ അല്ലാഹു അദ്ദേഹത്തിനറിവു നൽകി. അതുവരെ നിലവിലുണ്ടായിരുന്നത്

ഇരുമ്പു തകിടുകൾ കൊണ്ട് നിർമിച്ച പടയങ്കികളായിരുന്നു. അതു ധരിച്ച് പോരാടുക ക്ലേശകരമാണ്. കൂടാതെ ശരീരത്തിന്റെ ചില പ്രധാന ഭാഗങ്ങൾക്ക് അതു കവചമാക്കാൻ കഴിയുകയുമില്ല. ഇരുമ്പിന്റെ കണ്ണികൾ ചേർത്തു ഘടിപ്പിച്ചതായിരുന്നു ദാവൂദ്(അ) ആവിഷ്കരിച്ച പുതിയ പടയങ്കി. അന്നത്തെ സാഹചര്യത്തിൽ അത്യാധുനികവും അതിപ്രധാനവുമായ പ്രതിരോധ സന്നാഹമായിരുന്നു ഇത്. അതുവഴി ദാവൂദ് നബിയുടെ രാജ്യം ലോകത്തിലെ ഏറ്റവും വലിയ സൈനിക ശക്തിയായിത്തീർന്നു. അങ്ങനെ ദാവൂദ്(അ) ഇരവിൽ സന്യാസിയും പകലിൽ അശ്വഭടനും- وبالليل رهبان وبالنهار فرسان -എന്ന ചൊല്ലിനെ അന്വർഥമാക്കി. ഒരു വശത്ത് അദ്ദേഹത്തിന്റെ വികാരാധീനമായ ഭക്തി കീർത്തനങ്ങളാൽ പർവതങ്ങൾ തരളിതമായപ്പോൾ മറുവശത്ത് ഗംഭീരമായ പടയോട്ടങ്ങളാൽ ശത്രുക്കൾ വിറപൂണ്ടു.

ദാവൂദ്(അ) കണ്ടുപിടിച്ച പടയങ്കി ഖുർആൻ അവതരിക്കുന്ന കാലത്തും ഏറ്റുമുട്ടലുകളിലേർപ്പെടുന്ന ഭടന്മാർക്ക് ശത്രുക്കളുടെ ആയുധ പ്രയോഗങ്ങളിൽനിന്ന് സ്വന്തം ശരീരം രക്ഷിക്കാൻ ഏറ്റം പ്രയോജനപ്രദമായ യുദ്ധോപകരണമായിരുന്നു. അതുപയോഗിക്കുന്നതിൽ അറബികളും പിന്നിലായിരുന്നില്ല. അതുകൊണ്ട് സംബോധിതരോട് ചോദിക്കുകയാണ്: അദ്ദേഹത്തെപ്പോലെ അല്ലാഹുവിനോട് നന്ദിയുള്ള ദാസന്മാരാകാൻ നിങ്ങൾ തയാറാണോ? പ്രവാചകത്വവും ജ്ഞാനവും അധികാരവും ഭൗതിക ശക്തികളുമെല്ലാം ലഭിച്ചിട്ടും ദാവൂദ്(അ) അതീവ ദൈവഭക്തനായിത്തന്നെ ജീവിച്ചു. ദീനിന്റെയും ദുൻയാവിന്റെയും ഈ വിധത്തിലുള്ള സംയോജനവും സമരസവുമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. അങ്ങനെയായിരിക്കും അല്ലാഹുവിനോട് നിഷ്കളങ്കമായ നന്ദിവികാരമുള്ള ദാസന്മാരുടെ ജീവിതം. അല്ലാതെ, ദാവൂദിന്റെയും സുലൈമാന്റെയും, മഹത്വവും ഗാംഭീര്യവും നിരന്തരം പാടിപ്പുകഴ്ത്തുകയും ഭൗതിക വിഭവങ്ങൾക്കു പിന്നാലെ പട്ടിയെപ്പോലെ പാഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ ജീവിതമല്ല. ഇതാണ് فَهَلْ أَنتُمْ شَٰكِرُونَ എന്ന പിൻവചനത്തിന്റെ താൽപര്യം. ■

**81**

وَلِسُلَيْمَٰنَ ٱلرِّيحَ عَاصِفَةً تَجْرِى بِأَمْرِهِۦٓ إِلَى ٱلْأَرْضِ ٱلَّتِى بَٰرَكْنَا فِيهَا ۚ
وَكُنَّا بِكُلِّ شَىْءٍ عَٰلِمِينَ ﴿٨١﴾

**81.** സുലൈമാന് ശക്തിയേറിയ കാറ്റിനെ കീഴ്പ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ ആജ്ഞാനുസാരം അതു നാം അനുഗൃഹീതമാക്കിയ നാട്ടിലേക്ക് അടിച്ചുവീശുന്നു. നാം സകല കാര്യങ്ങളും അറിവുള്ളവനാകുന്നു.

وَلِسُلَيْمَٰنَ = സുലൈമാന് (കീഴ്പ്പെടുത്തിക്കൊടുത്തു) ٱلرِّيحَ = കാറ്റിനെ عَاصِفَةً = കൊടുങ്കാറ്റായ (ശക്തിയേറിയ)
تَجْرِى = അതു ചലിക്കുന്നു(അടിച്ചുവീശുന്നു) بِأَمْرِهِۦٓ = അദ്ദേഹത്തിന്റെ ആജ്ഞാനുസാരം
إِلَى ٱلْأَرْضِ ٱلَّتِى بَٰرَكْنَا فِيهَا = ഏതു നാട്ടിലാണോ നാം അനുഗ്രഹം ചെരിഞ്ഞത് അവിടേക്ക്
(നാം അനുഗൃഹീതമാക്കിയ നാട്ടിലേക്ക്)
وَكُنَّا = നാം ആ(കുന്നു)യിരുന്നു بِكُلِّ شَىْءٍ = സകല കാര്യങ്ങളെക്കുറിച്ചും عَٰلِمِينَ = അറിവുള്ളവർ

لِسُلَيْمَٰنَ ക്ക് മുമ്പ് سخرنا അനുക്തമായിട്ടുണ്ടെന്ന് സന്ദർഭത്തിൽനിന്ന് സ്പഷ്ടമാകുന്നു. ഒരു വസ്തുവിനെ മറ്റൊന്നിന്റെ സേവനത്തിന് ഏർപ്പെടുത്തിയാലാണ് سخر له എന്നു പറയുക. വിധേയമായ വസ്തുക്കളെ ചിലപ്പോൾ വിധേയമാക്കപ്പെട്ടവർക്ക് ഇഷ്ടാനുസാരം കൈകാര്യം ചെയ്യാനും ആജ്ഞാനുസാരം പ്രവർത്തിപ്പിക്കാനും കഴിയും. അടിമകൾ, വളർത്തുമൃഗങ്ങൾ, സ്വയം നിർമിച്ച ഉപകരണങ്ങൾ തുടങ്ങിയവ ഉദാഹരണം. أَلَمْ تَرَ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلْأَرْضِ -നിങ്ങൾ കണ്ടില്ലേയോ, ഭൂമിയിലുള്ളതൊക്കെയും അല്ലാഹു നിങ്ങൾക്കു വിധേയമാക്കിത്തന്നിരിക്കുന്നു (22:65). ചിലതിനെ നമുക്ക് കൈകാര്യം ചെയ്യാനാവില്ല; ആജ്ഞാനുവർത്തിയാക്കാനും കഴിയില്ല. എങ്കിലും അവയുടെ പ്രവർത്തനം അവ വിധേയമാക്കപ്പെട്ടവരുടെ ജീവിതത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ചായിരിക്കും. ആ വിധേയരുടെ സേവനമില്ലാതെ അവർക്ക് ജീവിതം അസാധ്യമാകുന്നു. സൂര്യനും ചന്ദ്രനുമൊക്കെ അതിനുദാഹരണങ്ങളാണ്.

وَسَخَّرَ لَكُمُ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ -അവൻ രാപ്പകലുകളെയും സൂര്യചന്ദ്രന്മാരെയും നിങ്ങൾക്കു വിധേയമാക്കിത്തന്നിരിക്കുന്നു (16:12).

ٱللَّهُ ٱلَّذِى سَخَّرَ لَكُمُ ٱلْبَحْرَ لِتَجْرِىَ ٱلْفُلْكُ فِيهِ بِأَمْرِهِۦ
(സമുദ്രത്തെ നിങ്ങൾക്ക് വിധേയമാക്കിത്തന്നത് അല്ലാഹുവാകുന്നു; അവന്റെ ആജ്ഞാനുസാരം അതിൽ കപ്പലുകളോടാൻ-45:12).

ഇവിടെ, സുലൈമാൻ നബിക്ക് കാറ്റിനെ വിധേയമാക്കിക്കൊടുത്തു എന്നുപറഞ്ഞത് ആദ്യത്തെ അർഥത്തിലാണെന്നാണ് പൂർവസൂരികൾ പൊതുവെ അഭിപ്രായപ്പെട്ടിട്ടുള്ളത്. تَجْرِى بِأَمْرِهِۦٓ -അദ്ദേഹത്തിന്റെ ആജ്ഞാനുസാരം അത് അടിച്ചുവീശുന്നു എന്ന വാക്യം അതാണ് കുറിക്കുന്നത്. അതായത് സുലൈമാൻ നബി കൽപ്പിക്കുന്ന ദിക്കിലേക്ക് അദ്ദേഹം നിശ്ചയിക്കുന്ന വേഗത്തിൽ കാറ്റുകൾ അടി

ച്ചുവീശിയിരുന്നു. സൂറഃ *സബഅ്* 12-ാം സൂക്തത്തില്‍ وَلِسُلَيْمَٰنَ ٱلرِّيحَ غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ-സുലൈമാന്ന് കാറ്റുകളെ വിധേയമാക്കിക്കൊടുത്തു. അതിന്റെ പ്രഭാത സഞ്ചാരം ഒരു മാസത്തെ വഴിദൂരത്തോളമാകുന്നു; പ്രദോഷ സഞ്ചാരവും ഒരു മാസത്തെ വഴിദൂരത്തോളം തന്നെ-എന്നു പറയുന്നുണ്ട്. ഈ സൂക്തത്തെ ആസ്പദമാക്കി ചിലര്‍ പറയുന്നു: സുലൈമാന്‍ നബിയും കൂട്ടരും രാവിലെ ഒരു വിരിപ്പില്‍ കടന്നിരുന്ന് കാറ്റിനോടാജ്ഞാപിക്കുന്നു. കാറ്റ് നിമിഷനേരം കൊണ്ട് അവരെ സാമ്രാജ്യത്തിന്റെ വിദൂര ഭാഗങ്ങളില്‍ കൊണ്ടെത്തിക്കുന്നു. അന്നു തന്നെ തിരിച്ചെത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഇവിടെ അതിനെ കൊടുങ്കാറ്റ്-عاصفة-എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. സുലൈമാന്‍ നബി ഇഛിക്കുന്നിടത്ത് അത് മൃദുലമായും വീശിയിരുന്നു-تَجْرِى بِأَمْرِهِۦ رُخَآءً حَيْثُ أَصَابَ- എന്ന് 38:36 സൂക്തത്തില്‍ പറയുന്നുണ്ട്. കാറ്റ് ചലിച്ചിരുന്നത് സുലൈമാന്‍ നബിയുടെ ആജ്ഞാനുസാരമാണെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. അത് സുലൈമാന്‍ നബിയുടെ അമാനുഷ സിദ്ധി-معجزة-ആയിരുന്നു. തന്റെ ദൂതന്മാര്‍ക്ക് താനുദ്ദേശിക്കുന്ന സിദ്ധികള്‍ നല്‍കാന്‍ അല്ലാഹുവിന്നധികാരമുണ്ട്. സുപരിചിതവും സാധാരണവുമായ പ്രകൃതിനിയമങ്ങള്‍ക്കതീതമായ പ്രതിഭാസങ്ങളാണല്ലോ ദിവ്യാത്ഭുതം. അല്ലാഹുവിന്ന് അവന്‍ നിശ്ചയിച്ച നിയമങ്ങളില്‍ ഇഛാനുസാരം മാറ്റങ്ങളുണ്ടാക്കാന്‍ ഒരു തടസ്സവുമില്ല.

രണ്ടാമത്തെ അര്‍ഥത്തില്‍ എടുത്താല്‍ രാപ്പകലുകളെയും സൂര്യചന്ദ്രന്മാരെയും മനുഷ്യര്‍ക്ക് കീഴ്പ്പെടുത്തിത്തന്നതുപോലെ തന്നെയാണ് സുലൈമാന്‍ നബിക്ക് കാറ്റുകളെ കീഴ്പ്പെടുത്തിക്കൊടുത്തത്. എങ്കില്‍ കാറ്റിന്റെ വിധേയത്വം സുലൈമാന്‍ നബിയിലേക്ക് മാത്രം ചേര്‍ത്തുപറഞ്ഞതിനെന്തു പ്രസക്തി എന്നൊരു ചോദ്യമുണ്ട്. അക്കാലത്ത് സമുദ്ര വ്യാപാരം പുഷ്ടിപ്പെടുത്താന്‍ അദ്ദേഹം കാറ്റിന്റെ ഗതിവിഗതികളെ സമര്‍ഥമായി ഉപയോഗപ്പെടുത്തി എന്നതാണത്. ഇസ്യൂന്‍ ജാബിര്‍ തുറമുഖത്തുനിന്ന് ചെങ്കടല്‍ വഴി യമനിലേക്കും ഇതര തെക്കുകിഴക്കന്‍ രാജ്യങ്ങളിലേക്കും അദ്ദേഹം ധാരാളം ചരക്കുകളയച്ചിരുന്നു. അതുപോലെ തര്‍സീസില്‍ നിന്ന് പടിഞ്ഞാറന്‍ നാടുകളിലേക്കും അദ്ദേഹത്തിന്റെ കപ്പലുകള്‍ പൊയ്ക്കൊണ്ടിരുന്നു. ബൈബിളും ആധുനിക ചരിത്രഗവേഷണങ്ങളും ഈ കാര്യം സൂചിപ്പിക്കുന്നുണ്ട്. കാറ്റിന്റെ ഗതിവിഗതികളെ സുലൈമാന്‍ നബി ശാസ്ത്രീയമായി പഠിക്കുകയും അത് നാവിക പ്രവര്‍ത്തനത്തില്‍ സമര്‍ഥമായി പ്രയോജനപ്പെടുത്തുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന്റെ കപ്പല്‍ വ്യൂഹം അക്കാലത്തെ ഏറ്റം പ്രബലമായ നാവിക ശക്തിയായിത്തീര്‍ന്നു. ഇതിനെക്കുറിച്ചാണ് 'സുലൈമാന്‍ നബിക്ക് അദ്ദേഹത്തിന്റെ ആജ്ഞാനുസാരം അടിച്ചുവീശുന്ന കാറ്റിനെ വിധേയമാക്കിക്കൊടുത്തു' എന്നുപറയുന്നത്.

غدوّ നും رواح നും യഥാക്രമം പ്രഭാത സഞ്ചാരം, പ്രദോഷ സഞ്ചാരം എന്നുമാത്രമല്ല അര്‍ഥമുള്ളത്. പോക്കുവരവ് എന്നും അര്‍ഥമുണ്ട്. സുലൈമാന്‍ നബി കാറ്റിന്റെ ഗതിവിഗതികള്‍ ശാസ്ത്രീയമായി പഠിച്ച് തന്റെ കപ്പല്‍ സഞ്ചാരത്തെ ഒരു മാസക്കാലം സുഗമമായി ചരക്കുകളുമായി പോകാനും അടുത്ത മാസം സുഗമമായി തിരിച്ചുവരാനും പാകത്തില്‍ ക്രമീകരിച്ചു എന്നുമാവാം غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ എന്നു പറഞ്ഞതിന്റെ താല്‍പര്യം. കാറ്റിനെ സംബന്ധിച്ച ഈ ശാസ്ത്രീയമായ ജ്ഞാനവും അതനുസരിച്ച് കപ്പല്‍ സഞ്ചാരം ആസൂത്രണം ചെയ്യാനുള്ള സാമര്‍ഥ്യവും അദ്ദേഹത്തിന് അല്ലാഹു നല്‍കിയ അനുഗ്രഹങ്ങളാണ്. പ്രകൃതി ശക്തികളെ ഈ രീതിയില്‍ വിധേയപ്പെടുത്താനുള്ള വൈഭവം അല്ലാഹു മറ്റു പല മനുഷ്യര്‍ക്കും നല്‍കുന്നുണ്ട്. അതിന്റെ ഫലമാണ് ആധുനിക ശാസ്ത്രത്തിന്റെ വികാസവും, മനുഷ്യജീവിതത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന സാങ്കേതിക സൗകര്യങ്ങളും. സുലൈമാന്‍ നബി തന്റെ പ്രതിഭയെ ദൈവത്തിന്റെ ഔദാര്യമെന്നറിയുകയും അവനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുമ്പോള്‍ മറ്റുപലരും അതിനെ സ്വന്തം കഴിവു മാത്രമായി കണ്ട് അഹങ്കരിക്കുകയും ദൈവത്തിന്റെ അസ്തിത്വം പോലും നിഷേധിക്കുകയും ചെയ്യുന്നു.

നേരത്തെ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഫലസ്തീന്‍-ശാം പ്രദേശങ്ങളാണ് ٱلْأَرْضِ ٱلَّتِى بَٰرَكْنَا فِيهَا. അവിടത്തെ ഫലപുഷ്ടിക്കും സമൃദ്ധമായ കാര്‍ഷിക വിളകള്‍ക്കും വ്യാപാരപരമായി വലിയ പ്രാധാന്യമുണ്ട്. സുലൈമാന്‍ നബിയുടെ കാലത്ത് അവിടെ വന്‍ തോതില്‍ ഇരുമ്പു ഖനനം നടന്നിരുന്നതായും പറയപ്പെടുന്നു.

സുലൈമാന്‍ നബിക്ക് കണ്ണും ചിമ്മി കുറെ അനുഗ്രഹങ്ങള്‍ വാരിക്കൊടുക്കുകയായിരുന്നില്ല. അദ്ദേഹത്തിന്റെ യോഗ്യതകളും വിശ്വാസ ദാര്‍ഢ്യവും അല്ലാഹുവിന്ന് നല്ല വണ്ണം അറിയാമായിരുന്നു. താന്‍ നല്‍കുന്ന അനുഗ്രഹങ്ങള്‍ എന്തിനെല്ലാം എങ്ങനെയെല്ലാമാണ് ഉപയോഗിക്കുക എന്നും അറിയാമായിരുന്നു. അല്ലാഹുവില്‍നിന്നു ലഭിച്ച അനുഗ്രങ്ങളെ അദ്ദേഹം സ്വന്തം കഴിവായി കാണുകയില്ല; അല്ലാഹുവിന്റെ ഔദാര്യമായി കാണുകയും അവന്റെ പ്രീതിക്കൊത്ത മാത്രം പ്രയോജനപ്പെടുത്തുകയും അവനോട് നന്ദിയുള്ളവനായിരിക്കുകയും ചെയ്യുമെന്നും അല്ലാഹുവിന്നറിയാമായിരുന്നു. ഇതാണ് وَكُنَّا بِكُلِّ شَىْءٍ عَٰلِمِينَ എന്ന വാക്യത്തിന്റെ താല്‍പര്യം. ഇന്നത്തെ ശാസ്ത്രജ്ഞന്മാരില്‍ ചിലര്‍ തങ്ങളുടെ ആവിഷ്കാരങ്ങളെല്ലാം സ്വന്തം അറിവിന്റെയും ധിഷണയുടെയും ഫലം മാത്രമാണെന്ന തെറ്റിദ്ധാരണയിലകപ്പെടുന്നു; തങ്ങള്‍ കരസ്ഥമാക്കിയ ശക്തികളെല്ലാം തങ്ങളുടെ ഇഷ്ടാനുസാരം പ്രവര്‍ത്തിപ്പിക്കാം; തങ്ങളെ തടയാനാരുമില്ല എന്നഹങ്കരിക്കുന്നു. ഈ നിലപാടിന്റെ നിഷേധവും കൂടിയാണ് وَكُنَّا بِكُلِّ شَىْءٍ عَٰلِمِينَ എന്ന വാക്യം. മനുഷ്യര്‍ക്ക് തന്റെ ഖജനാവുകളുടെ താക്കോലുകള്‍ കൊടുത്തശേഷം ഒന്നുമറിയാതെ മാറിനില്‍ക്കുന്ന അശ്രദ്ധനൊന്നുമല്ല ദൈവം. അവര്‍ എന്തൊക്കെ നിര്‍മിക്കുന്നു, പ്രവര്‍ത്തിക്കുന്നു എന്ന കാര്യത്തില്‍ അശ്രദ്ധനൊന്നുമല്ല അവന്‍. തന്റെ സൃഷ്ടികളുടെ ചെയ്തികളെ അവന്‍ ശരിക്കും നിരീക്ഷിക്കുന്നുണ്ട്. നിരീക്ഷിക്കുന്നു എന്നതിന്റെ താല്‍പര്യം താന്‍ നല്‍കിയ ശക്തികള്‍ തെറ്റായി ഉപയോഗിക്കുന്നവര്‍ വിചാരണ ചെയ്യപ്പെടുമെന്നു കൂടിയാണ്. ദാവൂദ്-സുലൈമാന്‍ നബിമാര്‍ക്ക് അതറിയാമായിരുന്നു. അതുകൊണ്ട് കടലിലും കരയിലും മഹാവിജയങ്ങള്‍ നേടിയിട്ടും ഒരു നിമിഷം പോലും അവര്‍ മേല്‍പ്പറഞ്ഞ തെറ്റിദ്ധാരണയിലകപ്പെട്ടില്ല; എല്ലാ നേട്ടങ്ങളും അല്ലാഹുവിന്റെ ഔദാര്യമായി സ്വീകരിക്കുകയും അവന്റെ പ്രീതിക്കുവേണ്ടിത്തന്നെ സമര്‍പ്പിക്കുകയും ചെയ്തു. ■